LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സർവ്വേ നമ്പർ 238/1 ജന്മഭൂമിയാണ്. പ്രസ്തുത സർവ്വേ നമ്പരിൽ 1987-ലെ റവന്യൂ രജിസ്റ്ററിൽ നിക്ഷിപ്ത വനഭൂമി ഇല്ല. എന്നാൽ നിലവിലുള്ള രജിസ്റ്ററിൽ 143.17 ഏക്കർ വെസ്റ്റഡ് ഫോറസ്റ്റായി കാണിക്കുന്നു. യഥാർത്ഥത്തിൽ ഇത്രയും ഫോറസ്റ്റ് ആ സർവ്വേ നമ്പരിൽ ഇല്ല. 1977-ലെ നോട്ടിഫിക്കേഷൻ പ്രകാരം ഐറ്റം നമ്പർ 117-ൽ സർവ്വേ നമ്പർ 1151 പാർട്ടിൽ 13 ഏക്കർ 85 സെന്റ് സ്ഥലം വനഭൂമിയായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. എന്നാൽ വില്ലേജ് ഓഫീസിലെ റെമിഷൻ രജിസ്റ്ററിൽ പ്രസ്തുത ഭൂമി വനഭൂമിയായി സംരക്ഷിക്കുന്നില്ല. ഒരൊറ്റ വില്ലേജിൽ മാത്രമാണ് ഇത്രയും ഗുരുതരമായ കുറ്റകൃത്യമുണ്ടായത്. ഇതുസംബന്ധിച്ച് വനംവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ സത്യസന്ധമായി അന്വേഷിച്ച് വസ്തുതകൾ പുറത്തുകൊണ്ടുവരുമെന്നും കുറ്റവാളികളെ കണ്ടെത്തി ശിക്ഷാനടപടി സ്വീകരിക്കുമെന്നും കരുതാൻ നിലവിലുള്ള സ്ഥിതിയിൽ കഴിയില്ല. ആയതിനാൽ ഈ വിഷയത്തിൽ ഒരു സ്വതന്ത്ര അന്വേഷണത്തിന് തയ്യാറാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, ഇതിൽ ഗവൺമെന്റ് നയം വളരെ വ്യക്തമാണ്. എവിടെയും ഒരു സാഹചര്യത്തിലും ഒരു സെന്റ് വനഭൂമിപോലും അന്യാധീനപ്പെട്ടുപോകാൻ പാടില്ല. രേഖകകളിലൊന്നും കൃത്രിമത്വമുണ്ടാകാൻ പാടില്ല. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ പറഞ്ഞ കാര്യം എൺപതുകളിൽ സംഭവിച്ച ചില വീഴ്ചകളെപ്പറ്റിയാണ്. ആ വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അത് തീർച്ചയായും ഗൗരവമേറിയ കാര്യമാണ്. വനംവകുപ്പ് രേഖകളിൽ പറയുന്ന പ്രകാരമാണെങ്കിൽ അത്തരം വീഴ്ചയുണ്ടായിട്ടില്ല. എന്തായാലും വനം വകുപ്പിലെ രേഖകൾ, റവന്യൂ രേഖകൾ, സർവ്വേ രേഖകൾ ഇതെല്ലാമായി ബന്ധപ്പെട്ട ഒരു വിമർശനമുണ്ടായ സാഹചര്യത്തിൽ അന്വേഷണം വേണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതുകൊണ്ട് ചീഫ് സെക്രട്ടറി ഇതേപ്പറ്റി അന്വേഷിക്കുമെന്നാണ് എനിക്ക് അറിയിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

V റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി ഏഴാമത് റിപ്പോർട്ട്

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഇരുപത്തി ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VI ധനകാര്യം

2010-2011 സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, 2010-11 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.